# ‘ഓർക്കുക, മാനസാന്തരപ്പെടുക, ആദ്യപ്രവൃത്തി ചെയ്യുക’

## വെളിപ്പാട് 2:5

‘‘നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക.’’

കർത്താവ് ഏഴ് സഭകൾക്ക് ദൂത് കൊടുക്കുന്നതായി നമുക്ക് വെളിപ്പാട് പുസ്തകത്തിൽ കാണാം. അതിൽ ഏറ്റം ആദ്യത്തേതും വളരെ ശക്തവും അനേക ഗുണഗണങ്ങളുടെ സമ്മിശ്രവും കൂടെയായിരുന്നു എഫേസോസ് സഭ. എങ്കിലും കർത്താവ് ഇവരെക്കുറിച്ച് ഒരു കുറവ് പറയുന്നു. ‘ആദ്യ സ്നേഹം വിട്ടുകളഞ്ഞു’ സഭയുടെ കുറവിന് അഥവാ പ്രശ്നത്തിനുള്ള പരിഹാരവും കർത്താവ് അവരെ ഓർമ്മിപ്പിക്കുന്നു. മൂന്നുകാര്യങ്ങളാണ് പ്രിയ സഭയോട് ചെയ്യുവാൻ ആവശ്യപ്പെടുന്നത്. അതാണല്ലോ കുറിവാക്യമായി നാം വായിച്ചത്. ‘‘ഓർക്കുക, മാനസാന്തരപ്പെടുക, ആദ്യപ്രവൃത്തി ചെയ്യുക’’ അതേ, remember, repent, repeat the first works.

‘ഓർക്കണം’ എന്നതാണ് ആദ്യത്തെ പ്രതിവിധിയായി കൊടുത്തത്. ഒരു മനുഷ്യൻ ഒരിക്കലും അവന്റെ കുറവുകളും പരാജയങ്ങളും ഓർക്കുവാൻ ഇഷ്ടപ്പെടുന്നില്ല, താൽപര്യപ്പെടുന്നില്ല. കാരണം അത് അവനിൽ ഒരു വിപരീതമായ പ്രവർത്തനവും ഭാവവും ഉണ്ടാക്കും എന്നതാണ് നിഗമനം. എന്നാൽ ദൈവപൈതലിനെ സംബന്ധിച്ച് അവൻ അനുദിനം തന്റെ കുറവുകളും, ബലഹീനതകളും ഓർക്കുകയും മനസ്സിലാക്കുകയും ചെയ്തില്ലെങ്കിൽ ആണ് വിപരീത പ്രവർത്തനത്തിനും ചിന്തകൾക്കും അടിമയായി തീരുന്നത്. കർത്താവിനോടുള്ള അനുദിന ബന്ധത്തിൽ അവൻ നമ്മെ പണിതുകൊണ്ടിരിക്കുകയാണ്. ഏതൊരു പണിയുടെയും മിനുക്കു പരിപാടി നടത്തുമ്പോൾ അതിനുള്ള കുറവുകളുടെയും നഷ്ടങ്ങളുടെയും തേയ്മാനങ്ങളുടെയും ഒക്കെ കണക്ക് പണിക്കാരൻ സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ സകല കുറവുകളും പരിഹരിക്കപ്പെട്ട് മനോഹരമായ പുതുക്കപ്പെട്ട ഒരു പണി ആയിത്തീരുകയുള്ളു. പ്രിയദൈവമക്കളെ യേശു കർത്താവ് അവനോടുള്ള വിശുദ്ധിയിലും, ഏകാഗ്രതയിലും, സ്നേഹത്തിലും ഒക്കെ പണിതുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഈ കർതൃസ്നേഹത്തിൽ ഞാൻ എവിടെ ബലഹീനപ്പെട്ടുപോയി എന്ന് ഓർക്കേണ്ട വലിയ ഉത്തരവാദിത്വം നമുക്ക് എഫേസോസ് സഭയോടൊപ്പം ലഭിക്കുന്നു. അവനോടുള്ള സ്നേഹം പൂർണ്ണമായും വറ്റിയിട്ടില്ല എങ്കിലും അതിനോടുള്ള ഊഷ്മളതയ്ക്ക്, ചൈതന്യത്തിന്, അനുസരണത്തിന്, കൂട്ടായ്മയ്ക്ക് ഒക്കെ വന്ന കുറവ്

ഓർക്കുക. കുറവായുള്ളതെല്ലാം പുതുക്കുവാൻ മാനസാന്തരമുള്ള ഹൃദയഭാവത്തോടെ അവന്റെ കൈയ്യിൽ ഏല്പിക്കാം. അപ്പോൾ യേശുകർത്താവ് ആഗ്രഹിക്കുന്നതുപോലെ ആദ്യസ്നേഹത്തിലും, ആദ്യപ്രവൃത്തിയിലും അവൻ നമ്മെ ഉറപ്പിക്കും. യഥാസ്ഥാനപ്പെടുത്തും. ഒരുവൻ പാപം ചെയ്തിട്ടില്ല അഥവാ അവനിൽ കുറവില്ല എന്ന് **നിരൂപിച്ചാൽ മാനസാന്തരപ്പെടാൻ ഒരിക്കലും കഴിയില്ല. ദൈവവചനം നമ്മെ പഠിപ്പിക്കുന്നു ‘‘നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.’’** അത് നമ്മെത്തന്നെ നാം വഞ്ചിക്കുന്ന അവസ്ഥ ആകുന്നു.

കർത്താവ്, കുറവിനെ അനുദിനം കാണിച്ചു തരുമ്പോൾ പാദപീഠത്തിലേക്ക് പൂർണ്ണമായി നമ്മെ പകരപ്പെടാൻ ഇടയാകട്ടെ. കുറവുണ്ട്, ഞാൻ ബലഹീനനാകുന്നു, എന്നെ അങ്ങയുടെ ആദ്യസ്നേഹത്തിൽ ഉറപ്പിക്കണമേ എന്ന് ഹൃദയം നുറുങ്ങി അവനോട് പ്രാർത്ഥിക്കാം. ദൈവഹിതപ്രകാരമുള്ള പ്രവൃത്തികളും പദ്ധതികളും പൂർത്തീകരിക്കപ്പെടുവാൻ കർത്താവ് സഹായിക്കട്ടെ. അതുകൊണ്ട് നമുക്ക് ഓർക്കാം, മാനസാന്തരപ്പെടാം, ആദ്യപ്രവൃത്തി ചെയ്യാം.

**പരാമർശം:**

**യിരെമ്യാവു 31:33,34**

**എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 113**